**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **14-03-2022 - ൽ മറുപടിയ്ക്ക്**

**നോളജ് ഇക്കോണമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നോളജ് ഇക്കോണമി മിഷൻ രൂപീകരിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ ഊന്നൽ നൽകുന്ന സർക്കാരിന്റെ നയത്തിനനുസൃതമാകുന്ന വിധം പുതിയ അറിവ് നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാന കാഴ്ചപ്പാടുകൾ വിശദമാക്കുമോ; | (എ) | പുതിയ അറിവ് നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി ഒൻപത് ലക്ഷത്തോളം ഒഴിവുകൾ കേന്ദ്ര സർവ്വീസിൽ നികത്താതിരിക്കുകയും പൊതുമേഖല സ്വകാര്യവൽകരിക്കുകയും ചെയ്യുന്നത് അഭ്യസ്തവിദ്യരുടെ തൊഴിൽ മോഹങ്ങൾക്ക് ആഘാതമേല്പിച്ചിരിക്കുന്നതിനാൽ സാർവ്വ ദേശീയ തൊഴിൽ കമ്പോളത്തിലെ അവസരങ്ങൾ പ്രാപ്യമാകും വിധം തൊഴിലിടങ്ങൾക്ക് അനുയോജ്യമായ സോഫ്റ്റ് സ്കിൽസും തൊഴിൽ നൈപുണ്യശേഷിയും വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സാർവ്വദേശീയ തൊഴിൽ കമ്പോളത്തിലെ അവസരങ്ങൾ പ്രാപ്യമാകും വിധം തൊഴിലിടങ്ങൾക്ക് അനുയോജ്യമായ സോഫ്റ്റ് സ്കിൽസും തൊഴിൽ നൈപുണ്യ ശേഷിയും വികസിപ്പിക്കുവാൻ എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, നിയുക്തി മെഗാ ജോബ് ഫെയർ എന്നീ പദ്ധതികൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിൽ സാധ്യതയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള നൈപുണ്യ പരിശീലന പദ്ധതികൾ ആണ് നടപ്പാക്കി വരുന്നത്. ആഗോള തൊഴിൽ കമ്പോളത്തിലെ തൊഴിൽ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തക്കവിധമുള്ള പരിശീലന പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. |
| (സി) | വ്യക്തി സവിശേഷതക്കനുരൂപമായി വിദ്യാഭ്യാസവും നൈപുണ്യ ശേഷിയും ആർജ്ജിച്ച് ആഗോള തൊഴിൽ കമ്പോളത്തിൽ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും വ്യക്തി സവിശേഷതക്കനുസരിച്ച് അനുയോജ്യമായ കരിയർ തിരഞ്ഞെടുക്കുന്നതിനും വിദ്യാർത്ഥികളെ | (സി) | വ്യക്തി സവിശേഷതക്കനുരൂപമായി വിദ്യാഭ്യാസവും നൈപുണ്യ ശേഷിയും ആർജ്ജിച്ച് ആഗോള തൊഴിൽ കമ്പോളത്തിൽ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും വ്യക്തി സവിശേഷതയ്ക്കനുസരിച്ച് അനുയോജ്യ- മായ കരിയർ തെരഞ്ഞെടുക്കുന്നതിനും വിദ്യാർത്ഥികളെ |

| | | | |
|---|---|---|---|
| | പ്രാപ്തരാക്കുന്നതിന് കരിയർ പ്ലാനിംഗിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുമോ? | | പ്രാപ്തരാക്കുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന സേവനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ